**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 414** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ബേപ്പൂർ നിയോജക മണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** ബേപ്പൂർ നിയോജക മണ്ഡലത്തിലെ ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സ് പൊതുമേഖലയിൽ തിരികെ കൊണ്ടുവരാനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലെത്തിയെന്നും; നാഷണൽ കമ്പനീസ് ലാ ട്രിബ്യൂണലിലെ വ്യവഹാരത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നും; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ Steel Authority of India Ltd (SAIL)-മായുള്ള സംയുക്ത സംരംഭമായ കോഴിക്കോട്ടെ SAIL-SCL Kerala Ltd, കാനറാ ബാങ്കിൽ നിന്നും കമ്പനിയ്ക്ക് നൽകിയ വായ്പ മുടങ്ങിയതിന്റെ ഭാഗമായി, ബാങ്ക് നാഷണൽ കമ്പനി ലാ ട്രൈബ്യൂണലിൽ (NCLT) നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ Corporate Insolvency Resolution Plan (CIRP) NCLT-അംഗീകരിച്ചിരുന്നു. ഈ നടപടി റദ്ദ് ചെയ്യുന്നതിനായി സർക്കാർ NCLT-യിൽ അപ്പീൽ നൽകി നടപടികൾ പുരോഗമിക്കുകയാണ്. Appellate Tribunal-ന്റെ മുൻപാകെയുള്ള വാദഗതികൾ പൂർത്തിയായെങ്കിലും അന്തിമ തീരുമാനം ആയിട്ടില്ല. പ്രസ്തുത വിഷയത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ സെയിൽ എസ് സി എൽ- ന്റെ പുനരുദ്ധാരണ വിഷയത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളു.

**(ബി)** നല്ലളം ബാംബൂ ഫാക്ടറിയുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും ആയവ എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** നല്ലളം ഫാക്ടറിയുടെ നവീകരണത്തിനായി പ്രൊപ്പോസൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പ്രാരംഭ നടപടികൾ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് സ്വീകരിച്ചുവരുന്നു.

**(സി)** രാമനാട്ടുകര കിൻഫ്ര നോളജ് പാർക്കിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** രാമനാട്ടുകര കിൻഫ്ര പാർക്ക് അഡ്വാൻസ്ഡ് ടെക്നോളജിയുമായി ബന്ധപ്പെട്ട IT/ITES അധിഷ്ഠിത സംരംഭങ്ങൾ വികസിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് നിർമ്മിച്ചിട്ടുള്ളത്. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ ഒരു സ്റ്റാൻഡേർഡ് ഡിസൈൻ

ഫാക്ടറി (G+5) ബിൽഡിംഗ് നിർമ്മിച്ച് പൂർണ്ണമായും IT/ITES യൂണിറ്റുകൾക്ക് അലോട്ട് ചെയ്തു കഴിഞ്ഞിട്ടുണ്ട്. രണ്ടാം ഘട്ട വികസനമെന്ന നിലയ്ക്ക് ഗവൺമെന്റ് നേരിട്ടോ അല്ലെങ്കിൽ ഗവൺമെന്റും സ്വകാര്യ മേഖലയും ഒരുമിച്ചോ (P.P.P മോഡൽ) അഡ്വാൻസ്ഡ് ടെക്നോളജിയുമായി ബന്ധപ്പെട്ട മേഖലയിലെ യൂണിറ്റുകൾ വികസിപ്പിക്കുന്നതിന്റെ ചർച്ചകൾ നടന്നുവരികയാണ്.

**(ഡി)** രാമനാട്ടുകര കിൻഫ്ര നോളജ് പാർക്കിലെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങളുടെ നിലവിലെ സ്ഥിതി എന്താണ്; കോടതി വിധിയ്ക്ക് അനുസൃതമായി എല്ലാ ഭൂവുടമകൾക്കും നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര പേർക്ക് എത്ര തുക നഷ്ടപരിഹാരമായി അനുവദിക്കാനുണ്ട്; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 2010 ൽ ലാന്റ് അക്വിസിഷൻ പ്രകാരം രാമനാട്ടുകര കിൻഫ്ര അഡ്വാൻസ്ഡ് ടെക്നോളജി പാർക്കിന് വേണ്ടി ഭൂമി ഏറ്റെടുക്കുകയും ഗവൺമെന്റ് നിശ്ചയിച്ച വിലയിൽ തൃപ്തരാകാതെ കൂടുതൽ തുക നഷ്ടപരിഹാരം ആവശ്യപ്പെട്ട് കക്ഷികൾ കോടതിയിൽ എൽ.എ.ആർ കേസുകൾ ഫയൽ ചെയ്യുകയും ഇതിന്റെ അടിസ്ഥാനത്തിൽ വിധി തുക വർദ്ധിപ്പിച്ച് കൊണ്ട് ബഹു. ഹൈക്കോടതി വിധി പ്രഖ്യാപിക്കുകയും ചെയ്തു. ഈ വിധി പ്രകാരം 9 എൽ.എ.ആർ കേസുകളും 28എ കേസിലെ ബാക്കിയുള്ള 19 കേസുകളും ഒഴികെ ബാക്കി എല്ലാ കേസുകളും തീർപ്പാക്കിയിട്ടുള്ളതാണ്. ഇനിയും തീർപ്പാക്കുവാൻ ബാക്കിയുള്ള 9 എൽ.എ.ആർ കേസുകൾക്ക് ഏകദേശം 15 കോടി രൂപയും 28എ കേസിലെ ബാക്കിയുള്ള 19 കേസുകൾക്ക് ഏകദേശം 25 കോടി രൂപയും ഉൾപ്പെടെ ഏകദേശം 40 കോടിയോളം രൂപ തീർപ്പാക്കുന്നതിന് ആവശ്യമാണ്.

**(ഇ)** ബേപ്പൂർ മറൈൻ പാർക്കിന്റെ വികസനത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; മറൈൻ പാർക്കിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങളുടെ നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്.

2010 ൽ ലാന്റ് അക്വിസിഷൻ പ്രകാരം ബേപ്പൂരിൽ കിൻഫ്ര മറൈൻ പാർക്കിന് വേണ്ടി ഭൂമി ഏറ്റെടുക്കുകയും ഗവൺമെന്റ് നിശ്ചയിച്ച വിലയിൽ തൃപ്തരാകാതെ നഷ്ടപരിഹാരം കൂടുതൽ ലഭിക്കുന്നിത് വേണ്ടി കക്ഷികൾ എൽ.എ.ആർ. കേസ് ഫയൽ ചെയ്യുകയും ഇതിന്റെ അടിസ്ഥാനത്തിൽ വിധി തുക വർദ്ധിപ്പിച്ചുകൊണ്ട് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

**(എഫ്)** ബേപ്പൂരിലെ പരമ്പരാഗത ചെരുപ്പ് നിർമ്മാണത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** നിലവിൽ പരിഗണനയിൽ ഇല്ല.

**(ജി)** നല്ലളത്തെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വ്യവസായ വകുപ്പ് നൽകി വരുന്ന ഇളവുകൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** നല്ലളം വ്യവസായ എസ്റ്റേറ്റ് സംസ്ഥാനത്തെ ഒരു വ്യവസായ പ്രദേശമായി ഇതുവരെ വിജ്ഞാപനം ചെയ്തിട്ടില്ല. ആയതിനാൽ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺ ഷിപ്പ് ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ അവിടുത്തെ സംരംഭങ്ങൾക്ക് ലഭിക്കുന്നതിന് പരിമിതികളുണ്ട്. ഈ വിഷയം പരിശോധിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**